**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3820** 24.6.2014- ലെ മറുപടിക്ക്

## നികുതിവരുമാനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>വാണിജ്യ നികുതി വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന ടേണോവറും യഥാർത്ഥ വിൽപനയുടെ തോതും തമ്മിലുള്ള അന്തരം കുറയ്ക്കുവാനുള്ള നടപടികൾക്കാണ് മുൻഗണന നൽകിയത്. ഇതിലേക്കായി, നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിനായി വകുപ്പ് വിവധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇതു രേഖ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർ ചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തിനകത്തെ ചരക്കു വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ക്രോസ് വെരിഫിക്കേഷനുവേണ്ടി ബില്ല് കളക്ട് ചെയ്യുന്നുണ്ട്. പാഴ്സൽ, കുറിയർ ഏജൻസികളിൽ സമയബന്ധിതമായി പരിശോധന നടത്തുന്നുണ്ട്. റെയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹന പരിശോധന എന്നിവയും കർശനമാക്കിയിട്ടുണ്ട്. പുതുതായി രൂപവൽക്കരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. ഓൺലൈൻ ചെക്ക് പോസ്റ്റ് ഡിക്ളറേഷനും റിട്ടേണുമായി ഒത്തുനോക്കുന്ന സ്ക്രൂട്ടിനിയും കർശനമാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പ് കൂടുതൽ സാധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിൽ തറവില |

സമയാസമയങ്ങളിൽ പുനർ നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. ഡാറ്റാ മൈനിംഗ് സെല്ലും സെലക്ടീവായി ഫയൽ കണ്ടെത്തി വിശദമായ സ്ക്രൂട്ടിനി നടത്തി നികുതി വെട്ടിപ്പുകൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി സ്റ്റേയിൽ കിടക്കുന്ന പ്രധാന കേസുകൾ തിട്ടപ്പെടുത്തുകയും ആയത് എത്രയും പെട്ടെന്ന് തീർപ്പുകല്പിക്കുന്നതിനുമായി ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോടതിയിലുള്ള അത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഗവൺമെന്റ് പ്ലീഡർമാരുമായും എ.ജി.യുമായും കൂടി ആലോചിച്ച് നടപടി സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശികയുള്ള വ്യാപാരികളെ കണ്ടെത്തുകയും, അത്തരക്കാരുടെ വാഹനങ്ങൾ ചെക്ക് പോസ്റ്റിൽ തന്നെ തടഞ്ഞു വയ്ക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റവന്യു റിക്കവറിയിൽ കിടക്കുന്ന തുകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ യോഗം വിളിക്കുകയും കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി കുടിശ്ശിക വരുത്തിയ വ്യാപാരികൾക്ക് ഓൺലൈൻ സേവനങ്ങൾ നിർത്തിവെയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശികയുള്ള വ്യാപാരികളുടെ വകുപ്പുതല റവന്യു റിക്കവറി നടപടികൾ ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ആയതിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തുവരുന്നു. ഇതിനുപുറമേ സർക്കാർ പുറപ്പെടുവിച്ച നിരുപാധിക സ്റ്റേകൾ അസാധുവാക്കിയ സാഹചര്യത്തിൽ അതിലുൾപ്പെട്ട തുകകൾ പിരിച്ചെടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച വാണിജ്യ നികുതി വകുപ്പിലെ ഇ-ഫയലിംഗ്, ഇ-പെയ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ബാങ്കുകളെ പങ്കാളികളാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) നിലവിൽ ഇ-പെയ്മെന്റ് സംവിധാനം, എസ്.ബി.ഐ, എസ്.ബി.ടി. എന്നീ ബാങ്കുകളുമായി സഹകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇ-പെയ്മെന്റ് സംവിധാനം വിപുലപ്പെടുത്തുന്നതിനായി 18 ബാങ്കുകളെകൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 10 ബാങ്കുകളുമായുള്ള ഇ-പെയ്മെന്റ് സംയോജനം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ട്രഷറി വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിന്റെ പോരായ്മമൂലം പ്രായോഗികതലത്തിൽ വിനിമയം സാധ്യമായിട്ടില്ല. ആയതിനാൽ ട്രഷറി വകുപ്പിന്റെ ഇ-ട്രഷറി സംവിധാനം നിലവിൽ വരുമ്പോൾ മറ്റു ബാങ്കുകളിലും ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ചെക്കുപോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും അവിടെ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (സി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളായ ആര്യങ്കാവ്, വാളയാർ, വഴിക്കടവ്, മുത്തങ്ങ, ബംഗ്ര, മഞ്ചേശ്വരം എന്നിവ സംയോജിത ചെക്ക് പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രാരംഭ ദിശയിലാണ്. അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റ് സെപ്റ്റംബർ 2011-ൽ നിലവിൽ വന്നു. ഗുജറാത്ത്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സംയോജിത ചെക്ക് പോസ്റ്റുകളെ കുറിച്ച് സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാളയാറിലും മഞ്ചേശ്വരത്തും നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തി സംയോജിത ചെക്ക് പോസ്റ്റ് നടപ്പാക്കുന്നതാണ്.<br><br>സംസ്ഥാനത്ത് പ്രധാനപ്പെട്ട എ-ക്ളാസ്, ബി-ക്ളാസ് ചെക്ക് പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇ-ഡിക്ളറേഷൻ, ഇ-പെയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നടുപ്പുണി, കുട്ടുപ്പുഴ, ബംഗ്ര, മഞ്ചേശ്വരം എന്നീ ചെക്ക് പോസ്റ്റുകളിൽ ബി.ഒ.ഒ അടിസ്ഥാനത്തിൽ വെയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ളാറ്റ് ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റിലും പരിസരത്തും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അമരവിള ചെക്ക് പോസ്റ്റിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ